# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം.*71

27.04.2017 ൽ- മറുപടിയ്ക്ക്

## കേരളസമൂഹത്തിന്റെ സാംസ്കാരിക ഉന്നമനം

ചോദ്യം

ശ്രീ. എം. മുകേഷ്
ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. കെ.വി.അബ്ദുൾ ഖാദർ
ശ്രീ. ജോൺ ഫെർണാണ്ടസ്

എ) രാഷ്ട്രീയ താല്പര്യത്തോടെ മതവിശ്വാസത്തെ ദുരുപയോഗം ചെയ്യുന്ന പ്രവണതക്കെതിരെ സാംസ്കാരിക ഇടപെടൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

ബി) മറ്റുള്ളവർ എന്ത് ഭക്ഷിക്കണമെന്ന് തങ്ങൾ തീരുമാനിക്കുമെന്ന് പ്രഖ്യാപിക്കുന്നവരെ തുറന്നുകാട്ടാൻ കേരളത്തിൽ സാംസ്കാരിക കൂട്ടായ്മ ശക്തിപ്പെടുത്താൻ പരിപാടിയുണ്ടോ;

ഉത്തരം

**ശ്രീ. എ.കെ. ബാലൻ**
**പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി**

എ) & ബി) രാഷ്ട്രീയ താല്പര്യത്തോടെ മതവിശ്വാസത്തെയും പാരമ്പര്യത്തെയും സംസ്കൃതിയെയും ദുരുപയോഗം ചെയ്യുന്നത് തടയാൻ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളും ഇടപെടത്തക്ക രീതിയിൽ സാംസ്കാരിക സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. മതേതര സംസ്കാരം അനുവർത്തിച്ചു പോരുന്ന നമ്മുടെ സമൂഹത്തെ അതിന്റെ അർത്ഥവ്യാപ്തി മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിലും വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുന്നതിനും സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ മുന്നോട്ട് കൊണ്ടു പോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. രാഷ്ട്രീയ താല്പര്യത്തിനായി മതവിശ്വാസത്തെ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനും സാംസ്കാരിക മേഖലയെ വർഗ്ഗീയവല്ക്കരിക്കുന്നത് തടയുന്നതിനും ജനാധിപത്യ ക്രമത്തിന് അനിവാര്യമായ സാമുദായിക സാമൂഹ്യ അഭേദം പരിപോഷിപ്പിക്കുന്നതിനും, മാനവികതയ്ക്കും നവോത്ഥാന മൂല്യങ്ങൾക്കുമെതിരേ പ്രതിലോമ ശക്തികൾ നടത്തുന്ന കടന്നാക്രമണം പ്രതിരോധിക്കാൻ സാംസ്കാരിക സ്ഥാപനങ്ങൾ മുൻകൈയ്യെടുത്ത് പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. അതിന്റെ ആദ്യ പടിയാണ് 'നമുക്ക് ജാതിയോ മതമോ ഇല്ല' എന്ന പ്രഖ്യാതമായ ശ്രീനാരായണ ഗുരുവിളംബരത്തിന്റെ 100-ാം വാർഷികം വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആഘോഷിക്കാൻ സർക്കാർ മുൻകൈയ്യെടുത്തത്. ഈ പരിപാടി സംസ്ഥാന മൊട്ടാകെ 6000 ത്തോളം സ്ഥലങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്. പന്തിഭോജനത്തിന്റെ ശതാബ്ദി ആഘോഷങ്ങളും ഇതേ ഉദ്ദേശത്തിനായി സംഘടിപ്പിക്കുന്നുണ്ട്. സർക്കാർ ഇത്തരം പരിപാടികൾ തുടർന്നും സംഘടിപ്പിക്കുവാൻ എന്നും പ്രതിജ്ഞാബദ്ധമായിരിക്കും.

| | |
|---|---|
| സി) നവോത്ഥാന നായകരുടെയും സാമൂഹ്യ വിപ്ലവകാരികളുടെയും ചിന്തകളെ വക്രീകരിച്ച് അവതരിപ്പിക്കുന്നതിനെയും കലാലയങ്ങളിൽ ഉൾപ്പെടെ സ്വതന്ത്ര ചിന്തകളെ തല്ലിക്കെടുത്താൻ നടത്തുന്ന ശ്രമങ്ങളെയും ആശയപരമായി നിർമ്മാർജനം ചെയ്യാൻ ഇടപെടൽ ഉണ്ടാകുമോ? | സി) നമ്മുടെ സംസ്ഥാനത്ത് നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അയിത്തോച്ചാടനം പോലുള്ള ഉച്ചനീചത്വങ്ങളും അവസാനിപ്പിക്കാൻ നവോത്ഥാന നായകരുടെ പോരാട്ടങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. മതവും അധികാരഘടനകളും ഒത്തുചേർന്ന് ക്രൂപീകൃതമാകുന്ന വിഷലിപ്തമായ ഒരു വ്യവസ്ഥയുടെ ഭാഗമായാണ് നവോത്ഥാന നായകരുടെയും സാമൂഹ്യ വിപ്ലവകാരികളുടെയും ചിന്തകളെ വക്രീകരിച്ച് അവതരിപ്പിക്കുന്നത്. ഇത്തരം ഛിദ്രശക്തികളുടെ വ്യാപനം തടയാൻ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന പുരോഗമന കാഴ്ചപ്പാടുള്ള സ്ഥാപനങ്ങളെയും സംഘടനകളെയും സർക്കാർ സ്ഥാപനങ്ങൾ വഴി ഇടപെട്ട് സജീവമാക്കുകയും സ്വയം പ്രവർത്തിക്കുകയും ചെയ്യുന്നതാണ്. |

Indhu

**സെക്ഷൻ ഓഫീസർ**